# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 99 28.05.2019- ൽ മറുപടിയ്ക്ക്

### ലോക കേരള സഭയുടെ ശിപാർശകൾ

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | തിരുവനന്തപുരത്ത് നടന്ന ഒന്നാം ലോക കേരള സഭയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്നും ഇവ നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും വെളിപ്പെടുത്തുമോ; | എ) | ലോക കേരളസഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. പ്രവാസി വ്യവസായ-വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിന് പ്രവാസി വാണിജ്യ ചേംബർ രൂപീകരണം.<br>2. അക്കാദമിക് ഗവേഷണ വികസന രംഗത്തെ സഹകരണത്തിനായി പ്രവാസി പ്രൊഫഷണൽ സമിതി രൂപീകരണം.<br>3. പുതിയകാല വെല്ലുവിളികൾക്കനുസൃതമായി നോർക്ക സംഘടനാ സംവിധാന നവീകരണം - ലോക കേരള സഭാ സെക്രട്ടേറിയറ്റിന് രൂപം നൽകും.<br>4. കേരള വികസന നിധി രൂപീകരണം.<br>5. പ്രവാസി സംരക്ഷണ പദ്ധതി - രോഗ ബാധിതരാകുന്നവർക്ക്, അപകടത്തിൽപെടുന്നവർക്ക്, തൊഴിൽ നഷ്ടമാകുന്നവർക്ക് സംരക്ഷണം നൽകാൻ കഴിയുന്ന വിധം വികസന പദ്ധതികളിലെ നിക്ഷേപത്തിന് മാർഗ്ഗ രേഖയും സുരക്ഷാ ചട്ടക്കൂടും രൂപീകരണം.<br>6. സിയാൽ മാതൃകയിൽ നിക്ഷേപ |

| | | | |
|---|---|---|---|
| | | | മേഖലകളുടെ രൂപീകരണം.<br>7. വിവിധ വികസന മേഖലകളിൽ (ചെറുകിട വ്യവസായ രംഗം, കാർഷിക കാർഷികാനുബന്ധ ഉത്പാദന രംഗം, കായികരംഗം, ആരോഗ്യ പരിപാലനരംഗം, നൂതനസാങ്കേതിക വിദ്യാരംഗം, ടൂറിസം തുടങ്ങിയവ) പ്രവാസികളുടെ വൈജ്ഞാനിക നിക്ഷേപ സഹകരണത്തിന് പദ്ധതി തയ്യാറാക്കുക.<br>8. അന്താരാഷ്ട്ര തലത്തിൽ സാംസ്കാരികോത്സവങ്ങളുടെ സംഘാടനം.<br>9. മലയാളികൾ ഏറെയുള്ള അന്യസംസ്ഥാന തലസ്ഥാനങ്ങളിൽ സാംസ്കാരികകേന്ദ്രങ്ങൾ സ്ഥാപിക്കുക.<br>10. വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള സമഗ്ര പദ്ധതികൾ.<br>ലോക കേരള സഭയിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ വിശദമായി പഠിക്കുന്നതിന് ഏഴ് വിഷയമേഖലാ സ്റ്റാന്റിംഗ് കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റികളുടെ വിശദമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ താഴെക്കാണുന്ന 10 ശിപാർശകൾ മുൻഗണനാക്രമത്തിൽ ലോക കേരള സഭ സെക്രട്ടറിയേറ്റ് കണ്ടെത്തിയിട്ടുണ്ട്.<br>1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.<br>2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br>3. എൻ.ആർ.ഐ. ബാങ്ക്.<br>4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി. |

| | | | |
|---|---|---|---|
| | | | 5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.<br>6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്സ്പോർട്ട് ഓഫീസുകളിൽ pre embankment Orientation centres.<br>7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിൻമേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം.<br>8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക.<br>9. മേഖലാ അടിസ്ഥാനത്തിൽ എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.<br>10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക. |
| ബി) | ദുബായിൽ നടന്ന മേഖലാ ലോക കേരള സഭയുടെ ശിപാർശകൾ എന്തെല്ലാമായിരുന്നുവെന്നും ഇവ നടപ്പിലാക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്നും അറിയിക്കുമോ; | ബി) | ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ ലോക കേരള സഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച ശിപാർശകൾ വിശദമായി ചർച്ച ചെയ്യുകയും ഇതിൽ ലോക കേരള സഭ സെക്രട്ടറിയേറ്റ് കണ്ടെത്തിയ 10 ശിപാർശകൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിൻമേലുള്ള ചർച്ചകളാണ് പശ്ചിമേഷ്യൻ മേഖലാ |

| | | | |
|---|---|---|---|
| | | | സമ്മേളനത്തിൽ പ്രധാനമായും നടന്നത്. ഈ ശിപാർശകൾ നടപ്പിൽ വരുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |
| സി) | ദുബായ് സമ്മേളനത്തിന് സംസ്ഥാന സർക്കാരോ നോർക്കയോ ആകെ എത്ര രൂപ ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ? | സി) | പ്രസ്തുത സമ്മേളനത്തിനായി ആകെ 18,40,670/- രൂപ ചെലവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**